തന്നെയായിരുന്നുവെന്ന് ഓർക്കുക. അങ്ങനെ ലോകം കണ്ട ഏറ്റവും വലിയ വ്യാവസായിക ദുരന്തം കേവലം ഒരു ബൈക്കപടം പോലെ ലൈറ്റ് വെയ്റ്റ് ആയിക്കളഞ്ഞു. വർഷങ്ങൾക്കു ശേഷം പ്ലാച്ചിമടയുടെ സ്വാഭാവിക പരിണതി ഓർമ്മിപ്പിക്കുന്ന വ്യവസായ സംരംഭകർ വകുപ്പുസെക്രട്ടറിയുടെ മുതലക്കണ്ണീർ കണ്ട് മൂക്കത്തു വിരൽ വച്ചിരിക്കാം. ഇന്ത്യയ്ക്ക് പുറത്ത് ഏതു കസേരയാണ് അദ്ദേഹത്തെ കാത്തിരിക്കുന്നതെന്ന് അത്ഭുതപ്പെട്ടിരിക്കാം. കൃഷിഭൂമിയിൽ വിഷം കലക്കിയ കമ്പനി പൂട്ടിയതുവഴി നികുതിയിനത്തിൽ 500 കോടിയുടെ നഷ്ടമുണ്ടായെന്നു പറയുന്ന സെക്രട്ടറി കേരളത്തിന്റെ പൊതുമനസ്സാക്ഷിയ്ക്കു തന്നെ നാണക്കേടുണ്ടാക്കിയിരിക്കുന്നു

കച്ചവടം നടത്തിക്കിട്ടുന്നതിലെ അറ്റാദായത്തിന്റെ ഒരോഹരി അതേ സ്ഥലത്ത് പ്രകൃതിശോഷണം ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ അഭിവൃദ്ധിക്കായി ഉപയോഗിക്കണമെന്നതാണ് കീഴ്വഴക്കം.

ഭോപ്പാലിലും പ്ലാച്ചിമടയിലും കൊള്ളലാഭം കൊയ്തെടുത്ത് നാടുവിട്ട കമ്പനികൾ ഈ ഉടമ്പടി പാലിച്ചില്ല. എന്നാൽ ഇതേ കമ്പനികളുടെ ആസ്ഥാനമായ അമേരിക്കയിൽ പ്രസിഡന്റ് ഒബാമ, എണ്ണ ഒഴുക്കുന്നതുകൊണ്ട് മെക്സിക്കൻ തീരത്തുണ്ടായ പരിക്കുകൾക്ക് നിവൃത്തിയുണ്ടാക്കിയില്ലെങ്കിൽ ബി.പി.ഒയുടെ (ബ്രിട്ടീഷ് പെട്രോളിയം) കഴുത്തിന് പിടിയ്ക്കുമെന്ന് വെട്ടിത്തുറന്നു പറഞ്ഞു. അങ്ങനെയെങ്കിൽ രണ്ടായിരം കോടി ഡോളർ നഷ്ടപരിഹാരം കൊടുക്കേണ്ടിവരിക ഇംഗ്ലണ്ടിലെ പെൻഷൻകാരുടെ വയറ്റത്തുചവിട്ടി കൊണ്ടിരിക്കുമെന്ന് ഡേവീഡ് കാമറൂണിന്റെ മറുപടി. ബ്രിട്ടനിലെ പെൻഷനേഴ്സ് ഫണ്ട് ഭൂരിഭാഗവും നിയോഗിച്ചിരിക്കുന്നത് ബി.പി.ഒയുടെ ഓഹരികളിലാണത്രേ!

ഈ വാക് പയറ്റു നടന്നുകൊണ്ടിരിക്കുമ്പോൾ ദക്ഷിണാഫ്രിക്കയിൽ ലോകക്കപ്പ് ഫുട്ബാളിൽ ഇംഗ്ലണ്ടും അമേരിക്കയും ഏറ്റുമുട്ടുകയായിരുന്നു. മത്സരം അതിഗംഭീരമായെങ്കിലും അവസാനം ഇരുവരും ഓരോ ഗോളടിച്ച് സമനിലയിൽ പിരിഞ്ഞു. അതെ! വൻകിടക്കാർ കളിയ്ക്കുമ്പോഴൊക്കെ പോയന്റ് പങ്കുവെച്ച് ഡ്രോ ആക്കുന്നു. അവരാരും ഒരിക്കലും തോല്ക്കുന്നില്ല.

ഇന്ത്യയിൽ പൊതുജനത്തെ പിച്ചപ്പാളയെടുപ്പിച്ചത് നീതിന്യായത്തിന്റെ റഫറി ചമഞ്ഞ രാഷ്ട്രീയദല്ലാളന്മാരും ഉദ്യോഗസ്ഥപരിഷകളുമാണ്.

# കൊക്കകോളയ്ക്കെതിരായ റിപ്പോർട്ട് അട്ടിമറിക്കാൻ നീക്കം

വി.എസ്. ശ്യാംലാൽ

തിരുവനന്തപുരം: പ്ലാച്ചിമടയിലെ പരിസ്ഥിതിക്കും ജനങ്ങൾക്കും നാശം വരുത്തിയതിന്റെ പേരിൽ കൊക്കകോളയിൽ നിന്ന് 216 കോടി രൂപ നഷ്ടപരിഹാരം ഈടാക്കാൻ ശുപാർശ ചെയ്തുകൊണ്ട് വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് അട്ടിമറിക്കാൻ വ്യവസായ വകുപ്പിന്റെ ശ്രമം. റിപ്പോർട്ട് നടപ്പാക്കുന്നതു സംബന്ധിച്ച ഫയൽ ഇപ്പോൾ വ്യവസായ വകുപ്പിന്റെ പരിഗണനയിലാണ്. മാർച്ചിൽ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിന്മേൽ ഇതുവരെ നടപടിയൊന്നും ഉണ്ടായിട്ടില്ല.

അഡീഷണൽ ചീഫ് സെക്രട്ടറി കെ.ജയകുമാർ അദ്ധ്യക്ഷനായ ഉന്നതതല സമിതിയാണ് കൊക്കകോള കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കാൻ ശുപാർശ ചെയ്യുന്ന റിപ്പോർട്ട് തയ്യാറാക്കിയത്. ജലവിഭവ വകുപ്പിനു ലഭിച്ച റിപ്പോർട്ട് ഫയലാക്കി മുഖ്യമന്ത്രിക്കു കൈമാറി. നഷ്ടപരിഹാരം ഈടാക്കുന്നതു സംബന്ധിച്ച കാര്യങ്ങൾക്കു മേൽനോട്ടം വഹിക്കുന്നതിനുള്ള ശുപാർശയാണ് അതിലുണ്ടായിരുന്നത്. ഇതു സംബന്ധിച്ച അഭിപ്രായം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി ഫയൽ വ്യവസായ വകുപ്പിനു കൈമാറി.

ഈ ഫയൽ കൈവശമെത്തിയ സമയത്താണ് കൊക്കകോളയെ രക്ഷിക്കാനാവാത്തതിൽ ഖേദമുണ്ടെന്ന വിവാദ പ്രസ്താവന വ്യവസായവകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി ടി. ബാലകൃഷ്ണന്റെ ഭാഗത്തുനിന്നുണ്ടാവുന്നത്. അതിനെതുടർന്നാണ് ജയകുമാർ സമിതിയുടെ റിപ്പോർട്ടിനെതിരായ നീക്കം പ്രത്യക്ഷമായി ആരംഭിക്കുന്നത്. ഇതിന് ഭരണതലപ്പത്തെ ചിലരുടെ പിന്തുണയുണ്ട്.

ജയകുമാർ സമിതിയിലെ ഔദ്യോഗിക അംഗങ്ങളായ ഉദ്യോഗസ്ഥരുടെ യോഗം ജൂൺ എട്ടിന് ബാലകൃഷ്ണൻ വിളിച്ചു ചേർത്തു. നഷ്ടപരിഹാരം ഈടാക്കാൻ നിർദ്ദേശിക്കുന്ന റിപ്പോർട്ട് തയ്യാറാക്കിയതിന്റെ അടിസ്ഥാനമെന്തായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ചോദ്യം. ജയകുമാർ സമിതിയിൽ അംഗങ്ങളായ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി, ഭൂജല വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ തുടങ്ങിയവരെല്ലാം യോഗത്തിനെത്തി. കൃഷിവകുപ്പ് ഡയറക്ടറെ പ്രതിനിധാനം ചെയ്ത് പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസറാണ് പങ്കെടുത്തത്.

പ്ലാച്ചിമടയിൽ തങ്ങൾ വിശദമായ പരിശോധന നടത്തിയിട്ടുണ്ടെന്ന് ചില ഉദ്യോഗസ്ഥർ അറിയിച്ചു. ഇതു സംബന്ധിച്ച് വിവിധ വകുപ്പുകൾ നേരത്തേ തയ്യാറാക്കിയ റിപ്പോർട്ടുകൾ പരിഗണിച്ചുവെന്നും അവർ മറുപടി നൽകിയെന്നുമാണ് അറിയുന്നത്.

(കടപ്പാട്: മാതൃഭൂമി ദിനപത്രം)